പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3464 — 18.2.2013-ൽ മറുപടിക്ക്

## ഇ-വേയ്സ്റ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, കെ. അച്ചുതൻ<br>,, വി. പി. സജീന്ദ്രൻ<br>,, കെ. മുരളീധരൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ-വേയ്സ്റ്റുകൾ അത്യന്തം അപകടകരമായ തോതിൽ വർദ്ധിക്കുന്നതായും അവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | എ) ജീവിതശൈലിയിലെ പുരോഗതിയും ആധുനികവൽക്കരണവും കാരണം ഇലക്ട്രോണിക്/ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ ഗാർഹിക മേഖല ഉൾപ്പെടെയുള്ള വിവിധമേഖലകളിൽ കൂടുതലായി ഉപയോഗിക്കുന്നു. സർക്കാർ, സർക്കാർ ഇതരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചു വരുന്ന സാഹചര്യത്തിൽ ഇ-ഉൽപന്നങ്ങളും ഇ-മാലിന്യങ്ങളും വർദ്ധിച്ചു വരുന്നതും ഇ-മാലിന്യങ്ങൾ സുരക്ഷിതമായി ശേഖരിച്ചു പുന:ചംക്രമണം ചെയ്യുന്നതിനോ നിർമ്മാർജനം ചെയ്യുന്നതിനോ പര്യാപ്തമായ സംവിധാനം സംസ്ഥാനത്ത് നിലവിലില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇവ ഒഴിവാക്കുവാനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | ബി) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത (ഇ-വേസ്റ്റ് ചട്ടങ്ങൾ) 2012 മേയ് മാസം മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ട്. ഈ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പാക്കുന്നതു വഴി ഇ-വേസ്റ്റ് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഒഴിവാക്കാൻ ഒരുപരിധിവരെ സാധിക്കും. ഇ-വേസ്റ്റ് ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. ഇ-ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരും, ഇ-വേസ്റ്റ് പുനചംക്രമണം ചെയ്യുന്നവരും, പൊളിച്ചു മാറ്റുന്നവരും (dismantle), |

കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നവരും ആതറൈസേഷൻ എടുക്കണമെന്നും, ഇ-വേസ്റ്റ് ഡിസ്മാന്റലേഴ്സും, റീസൈക്ലേഴ്സും രജിസ്ട്രേഷൻ കരസ്ഥമാക്കണമെന്നും ഇ-ഉൽപന്നങ്ങളുടെ ഉപഭോക്താക്കൾ (ബൾക്ക് കൺസ്യൂമേഴ്സ്) ഇ-മാലിന്യം അംഗീകൃത കളക്ഷൻ സെന്ററുകൾ, രജിസ്റ്റേർഡ് ഡിസ്മാന്റലർ/റിസൈക്ലർ എന്നിവരിലേക്കോ ഇ-ഉൽപാദകരുടെ ടേക്ക്-ബാക്ക് സംവിധാനത്തിലേക്കോ മാത്രം കൈമാറേണ്ടതാണെന്നും, ഇതു സംബന്ധിക്കുന്ന വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിനു നൽകേണ്ടതാണെന്നും 9.11.2012ൽ പത്രങ്ങളിലൂടെ പരസ്യം ചെയ്ത് പൊതുജനശ്രദ്ധ ഇതിലേക്ക് ക്ഷണിച്ചിരുന്നു.

ഇ-വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle), റീ-സൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെ കൊണ്ട് അനുമതികൾ എടുപ്പിക്കുന്ന തിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഉൽപാദനഘട്ടത്തിൽ ഉണ്ടാകുന്ന ഇ-വേസ്റ്റും, 'എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി' പ്രകാരം ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും നേരിട്ടോ അംഗീകൃത കളക്ഷൻ സെന്ററുകൾ വഴിയോ സുരക്ഷിതമായി പുനഃചംക്രമണ സ്ഥാപനങ്ങളിൽ എത്തിക്കുന്ന ഉത്തരവാദിത്തം ഉൽപ്പാദകർക്കാണ്. ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജ നത്തിനായി അംഗീകൃത ഏജൻസിക്ക് എത്തിക്കുക, ബ്രാൻഡഡ് അല്ലാത്ത ഇ-വേസ്റ്റ് നഗരഖരമാലിന്യത്തിൽ കലരാതെ വഴിതിരിച്ചു വിടുക, അംഗീകൃത കളക്ഷൻ സെന്ററിലേക്കോ റീസൈക്ലറുകൾക്കോ എത്തിച്ചുകൊടുക്കുക എന്നീ ചുമതലകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും ഉൽപാദിപ്പിക്കുന്നവർ

മുഖേനതന്നെ അതിലൂടെ ഉണ്ടാകുന്ന ഇ-വേസ്റ്റ് നിർമ്മാർജനം ചെയ്യിക്കുന്നതിനായി ഇ-വേസ്റ്റ് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇത്തരം വൻകിട ഉൽപാദകർ നിലവിലില്ലെങ്കിലും റീടൈലർ ഷോപ്പുകൾ വഴി ഇ-വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജനം ചെയ്യുമെന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സി) ഇ-വേയ്സ്റ്റുകൾ ശേഖരിക്കുന്ന കടകൾക്കും അവ റിപ്പയർ ചെയ്യുന്ന സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

സി) ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടത് ഇ-വേസ്റ്റ് പൊളിച്ചു മാറ്റുന്നവരും (dismantlers), പുനഃചംക്രമണം ചെയ്യുന്നവരും (Recyclers) ആണ്. ഇവർക്ക് മലിനീ കരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷനും ആവശ്യമാണ്. ഇ-ഉൽപന്നങ്ങളുടെ ഉൽപാദകരും, ഇ-മാലിന്യം ശേഖരിക്കുന്നവരും, കളക്ഷൻ സെന്റർ സ്ഥാപിക്കുന്നവരും ബോർഡിന്റെ പരിധിയിൽ വരും. കൂടാതെ ഇ-ഉൽപന്നങ്ങളുടെ ഉപഭോക്താക്കൾ (ബൾക്ക് കൺസ്യൂമേഴ്സ്) അവരുടെ പക്കൽ വരുന്ന ഇ-വേസ്റ്റിന്റെ എല്ലാ വർഷത്തേയും വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിനു നൽകേണ്ടതാണ്.

ഡി) ഇവ കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

ഡി) ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം സുരക്ഷിതമാർഗ്ഗങ്ങൾ വഴി ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനും ആതറൈസേഷൻ, രജിസ്ട്രേഷൻ എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുന്നതിനും, ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്കൊണ്ട് ഏർപ്പെടുത്തിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ